

# പ്രത്യേക അറിയിപ്പ്

ഞാൻ തയാറാക്കിയിട്ടുള്ള പുസ്തകങ്ങളിൽ ദൈവത്തെ നീ, നിന്റെ തുടങ്ങിയ വാക്കുകൾ ഉപയോഗിച്ച് വിളിച്ചിട്ടില്ല. സ്വർഗ്ഗത്തിൽ ഇരിക്കുന്ന എന്റെ അപ്പച്ചനെ അങ്ങിനെ വിളിക്കാൻ എനിക്ക് ഭയമാണ്. ദൈവത്തെ നീ, നിന്റെ തുടങ്ങിയ വാക്കുകൾ ഉപയോഗിക്കാതെ പ്രാർത്ഥിക്കാൻ സാധിക്കുകയില്ലേ!

കൂടാതെ ആകാശം എന്ന വാക്കിനു പകരം സ്വർഗ്ഗം എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. ആകാശവും ഭൂമിയും, ഭൂമി എന്ന ഗോളത്തിന്റെ ഇതര വശങ്ങളെന്നാണ് ഞാൻ ധരിച്ചിരിക്കുന്നത്. സ്വർഗ്ഗമെന്നതാണ് കൂടുതൽ ശരിയെന്നാണ് എന്റെ ധാരണ.

ഈ പുസ്തകങ്ങൾക്ക് സുന്നഹദോസിന്റേയോ, മെത്രാച്ചന്മാരുടേയും അംഗീകാരം ലഭിച്ചിട്ടില്ല; ഞാനതിന് പരിശ്രമിച്ചിട്ടുമില്ല. നമ്മുടെ സഭ നിത്യവും ഉപയോഗിച്ചുകൊണ്ടിരിക്കുന്നതാണ് ഇവയെല്ലാം. ഞാൻ യാതൊന്നിന്റേയും തർജ്ജിമയും നടത്തിയിട്ടില്ല. എന്നാൽ ഇതിൽ ചിലത് കണ്ട് അംഗീകാരം ലഭിച്ചിട്ടുമുണ്ട്.

വേദപുസ്തകഭാഗങ്ങൾ സഭ അംഗീകരിച്ചിട്ടുള്ളതിൽ നിന്നാണ് എടുത്തിരിക്കുന്നത്.

ഈ പുസ്തകങ്ങളിൽ ഏതാനം ചിലത് www.indianchristianity.org/Orthodox worship ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഈ പുസ്തകങ്ങളുടെ കോപ്പികൾ ആർക്കു വേണമെങ്കിലും എടുക്കുന്നതിന് എനിക്ക് വിരോധമില്ല.

യാതൊരു കാരണവശാലും ഈ പുസ്തകങ്ങളുടെ കോപ്പി എടുത്ത് വില്പന നടത്തരുത്.

സസന്തോഷം,
ജോയിക്കുട്ടി